**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1133

12/07/2016 - ൽ മറുപടിക്ക്.

## കുടുംബശ്രീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീയുടെ തൊഴിൽ സംരംഭങ്ങൾക്ക് മുൻകാലങ്ങളിൽ നൽകിവന്ന സബ് സിഡി ഇനത്തിൽ അനുവദിച്ച സാമ്പത്തിക സഹായം കഴിഞ്ഞ സർക്കാർ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല ; ഫണ്ട് ലഭ്യതയനുസരിച്ച് കുടുംബശ്രീ സബ്സിഡി അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | കുടുംബശ്രീ നടത്തിവന്ന സംഘകൃഷിക്ക് നൽകിവന്ന ഏരിയ പ്രൊഡക്റ്റീവ് ഇൻസെൻറ്റീവുകൾ പുനഃസ്ഥാപിക്കുമോ ; | (ബി) | കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾക്ക് നൽകി വരുന്ന ഇൻസെന്റീവ് ഘടനയിൽ മാറ്റം വന്നിട്ടുണ്ട്. ഏരിയ ഇൻസെന്റീവ്, പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന വേർതിരിവ് ഇല്ലാത്ത ഒരു ഇൻസെന്റീവ് - 'കൃഷി ഇൻസെന്റീവ്' എന്നാക്കി മാറ്റിയിരിക്കുകയാണ്. ഫണ്ട് ലഭ്യതയനുസരിച്ച് അർഹതപ്പെട്ട സംഘകൃഷി ഗ്രൂപ്പുകൾക്ക് കുടുംബശ്രീ ഈ ഇൻസെന്റീവ് നൽകുന്നതാണ്. |
| (സി) | ജൈവപച്ചക്കറി കൃഷി വ്യാപകമാക്കാൻ കുടുംബശ്രീ യൂണിറ്റുകൾ ഉപയോഗപ്പെടുത്താൻ സന്നദ്ധമാകുമോ? | (സി) | സന്നദ്ധമാണ്. |

Liya

സെക്ഷൻ ഓഫീസർ.